DESPATCHED
8/3/22

4/3/22

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 1354(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.12105/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 4**

ശ്രീ. ബിജു രാമചന്ദ്രൻ,
ബിർള, പ്ലോട്ട് നമ്പർ 125,
പി.ടി.പി. നഗർ പി.ഒ.,
തിരുവനന്തപുരം - 695 038. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   നികുതി (ഇ) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
   ജോയിന്റ് സെക്രട്ടറി,
   നികുതി (ഇ) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 8.4.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 7.5.2021, 28.5.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 7.6.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 29.6.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.9.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 1.10.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18.10.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.11.2021 |

## ഉത്തരവ്

ശ്രീ. ബിജു രാമചന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 1, 2, 3, 4, 9 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടി തെറ്റായതും, അപൂർണ്ണവും, തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട ഇനങ്ങൾക്ക് പൂർണ്ണമായ മറുപടി സൗജന്യമായി ലഭ്യമാക്കണമെന്നും മന:പൂർവ്വം തെറ്റായതും കെട്ടിച്ചമച്ചതുമായ മറുപടി കാലതാമസം വരുത്തി നൽകിയ പബ്ലിക്

ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 8.4.2021–ന് നൽകിയ 12 ഇനങ്ങൾ അടങ്ങിയ വിവരാവകാശ അപേക്ഷയ്ക്ക് ഖണ്ഡിക തിരിച്ചുള്ള മറുപടി ഒന്നാം എതിർകക്ഷി 7.5.2021–ന് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി മറുപടി വിവരാവകാശ നിയമത്തിന് വിരുദ്ധമാണെന്നും അപേക്ഷയിലെ 1, 2, 3, 4, 9 എന്നീ ഇനങ്ങൾക്ക് അപൂർണ്ണവും തെറ്റായതും, തെറ്റിദ്ധരിപ്പിക്കുന്നതും കെട്ടിച്ചമച്ചതുമായ മറുപടിയാണ് നൽകിയതെന്നും ആരോപിച്ചുകൊണ്ട് 7.6.2021ന് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. ടി അപ്പീൽ തീർപ്പാക്കി 29.6.2021–ന് രണ്ടാം എതിർകകഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 2, 3, 4 എന്നീ ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കൈവശമുണ്ടായിരുന്ന രേഖകളോ വിവരാവകാശ നിയമം 2(എഫ്) വകുപ്പു പ്രകാരം ‘ വിവരം ’ എന്ന ഗണത്തിൽപെടുന്നതോ ആയ വിവരങ്ങളോ അല്ലെന്നും ആയതിനാൽ ടി ഇനങ്ങൾക്ക് വിവരാവകാശ നിയമ പ്രകാരം മറുപടി നൽകാൻ കഴിയില്ലെന്നും അപേക്ഷയിലെ 9–ാം ഇനത്തിൽ ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

3. അപ്പീൽ ഹർജിയിന്മേൽ രണ്ടാം എതിർകക്ഷി 23.11.2021–ന് കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No.1409/18 & 2504/18 എന്നീ കേസുകളിന്മേൽ ബഹു.ട്രിബ്യൂണൽ പുറപ്പെടുവിച്ച കോമൺ ഉത്തരവ് സർക്കാരിൽ ലഭിച്ചത് 17.12.2019 നാണെന്ന് ഹർജിക്കാരനെ അറിയിച്ചിരുന്നതാണെന്നും ടി കേസുകൾ ഹർജിക്കാരൻ തന്നെ ഫയൽ ചെയ്തിട്ടുള്ളതായതിനാൽ ആയതിന്റെ പകർപ്പ് ഹർജിക്കാരന് ട്രിബ്യൂണലിൽ നിന്നും നേരിട്ട് ലഭിച്ചിട്ടുള്ളതാണെന്നും ആയതിനാൽ തന്നെ സമയപരിധി പ്രത്യേകമായി ഹർജിക്കാരനെ അറിയിക്കേണ്ടതില്ലാത്തതിനാൽ ഈ ഇനത്തിൽ അപൂർണ്ണമായ മറുപടിയാണ് നൽകിയതെന്ന് പറയാനാവില്ലെന്നും അപേക്ഷയിലെ 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട അച്ചടക്ക നടപടി, തീർപ്പാക്കുന്നതിനുള്ള കാലതാമസം, ആയതിന് കാരണക്കാരനായ ഉദ്യോഗസ്ഥൻ എന്നിവ വിവരാവകാശ നിയമം 2 (എഫ്) പ്രകാരം ‘വിവരം’ എന്നതിന്റെ പരിധിയിൽ വരുന്നതല്ലെന്നും 4–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഇൻക്രിമെന്റ് തടയുന്നതിന് ഉത്തരവിട്ട ഉദ്യോഗസ്ഥന്റെ പേര് നൽകുന്നത് അവർ തമ്മിലുള്ള ശത്രുതയ്ക്ക് കാരണമാകുമെന്നതിനാലും മറ്റുമാണ് വിവരാവകാശ നിയമം 8 (1) (എച്ച്) & (ജി) വകുപ്പുകൾ പ്രകാരം നിഷേധിച്ചതെന്നും നിലവിൽ അച്ചടക്ക നടപടികൾ പൂർത്തിയായതിനാൽ ടി വിവരം ആവശ്യപ്പെട്ടാൽ നൽകാവുന്നതാണെന്നും 7.5.2021ന് ഹർജിക്കാരന് നൽകിയ മറുപടിയിൽ അപേക്ഷയിലെ 9–ാം ഇനത്തിൽ ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരുന്നതാണെന്നും എന്നാൽ ടി ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് ലഭിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഒന്നാം അപ്പീലിന് നൽകിയ മറുപടിയോടൊപ്പം ടി ഉത്തരവിന്റെ പകർപ്പും ഹർജിക്കാരന് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും മാത്രമല്ല ടി ഉത്തരവ് അപ്രൂവ് ചെയ്യുന്ന സമയത്ത് തന്നെ ഇ–ഓഫീസിൽ ലഭ്യമായ ഒന്നായതിനാൽ ആയത് മന:പൂർവ്വം നൽകാതിരുന്നതായി കാണാനാകില്ലെന്നും, ഹർജിക്കാരന് മറുപടി ലഭിക്കുവാൻ കാലതാമസം നേരിട്ടത്

സംബന്ധിച്ച്, 8.4.2021-ലെ വിവരാവകാശ അപേക്ഷ 12.4.2021-ന് തപാൽ സെക്ഷനിൽ ലഭിച്ചിട്ടുള്ളതാണെന്നും ആയതിനുള്ള മറുപടി സമയബന്ധിതമായി 7.5.2021ന് തന്നെ അംഗീകരിച്ച് അന്നേ ദിവസം തന്നെ തപാൽ സെക്ഷനിൽ കൊടുത്തിട്ടുള്ളതാണെന്നും തുടർന്നുണ്ടായ ലോക്ക്ഡൗൺ (8.5.2021 മുതൽ) കാരണം പോസ്റ്റൽ സർവ്വീസ് ഇല്ലാതിരുന്നതിനാൽ തപാൽ സെക്ഷനിൽ നിന്നും ആയത് ഡെസ്പാച്ച് ചെയ്യാൻ കഴിഞ്ഞില്ലെന്നും ആയത് ഡെസ്പാച്ച് രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുള്ള-താണെന്നും ആയതിനാൽ സമയബന്ധിതമായി മറുപടി അയക്കുന്നതിൽ എസ്.പി.ഐ.ഒയുടെ ഭാഗത്ത് താമസം നേരിട്ടിട്ടില്ലെന്നുമാണ്.

4. എതിർകക്ഷി ലഭ്യമാക്കിയ റിപ്പോർട്ട് കമ്മീഷൻ പരിശോധിക്കുകയും വിവരാവകാശ അപേക്ഷയ്ക്ക് കാലതാമസം വരുത്തി മറുപടി നൽകിയതിലും പൂർണ്ണമായ മറുപടി നൽകാത്തതിലും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ 23.12.2021-ലെ കത്ത് പ്രകാരം വിശദീകരണം തേടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ടി.ടി. സുരേഷ് ലഭ്യമാക്കിയ വിശദീകരണത്തിൽ പ്രസ്താവിച്ചത്, ഹർജിക്കാരനായ ശ്രീ. ബിജു രാമചന്ദ്രൻ 8.4.2021 തീയതിയായി സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 15.4.2019-തീയതിയിലെ 1409/2018, 2504/18 എന്നീ കേസുകളിലുള്ള കോമൺ ഉത്തരവ് ലഭിച്ച തീയതിയും 15.2.2019-ലെ ഇ1/13/2019/നികുതി നമ്പർ മെമ്മോ പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് പ്രസ്തുത ഓർഡറിൽ സമയപരിധി നിശ്ചയിച്ചിരുന്നോ എന്ന കാര്യവും വ്യക്തമാക്കുവാനാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് എന്നും എന്നാൽ 17.12.2019-ന് കോമൺ ഓർഡർ ലഭിച്ചിട്ടുണ്ട് എന്ന് മാത്രമാണ് മറുപടി നൽകിയതെന്നും 15.12.2019-ലെ ഇ1/13/19/നികുതി നമ്പർ മെമ്മോ പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ഈ ഓർഡർ ലഭിച്ച് 3 മാസത്തിനകം തീർപ്പാക്കണമെന്നാണ് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത് എന്നും ഇത് സംബന്ധിച്ച വിവരങ്ങൾ മറുപടിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നില്ലെന്നും ആ സമയം ടാക്സ്സ് ഇ, എഫ്, ജെ എന്നീ മൂന്ന് സെക്ഷനുകളുടെ ചുമതയുള്ള ഡെപ്യൂട്ടി സെക്രട്ടറിയായിരുന്നു ടി എസ്.പി.ഐ.ഒ എന്നും ടി സെക്ഷനുകളിൽ എപ്പോഴും വളരെയധികം തിരക്കുണ്ടായിരുന്നു എന്നും മൂന്ന് സെക്ഷനുകളിലും കൂടി ദിവസവും 150-ൽ കുറയാത്ത ഫയലുകൾ ഇ-ഓഫീസ് വഴിയും അല്ലാതെയും ലഭിക്കുമായിരുന്നു എന്നും എസ്റ്റാബ്ളിഷ്മെന്റ് കാര്യങ്ങളും അല്ലാത്തതുമായ ടി ഫയലുകളിൽ സൂക്ഷപരിശോധനയ്ക്ക് ശേഷം നടപടി സ്വീകരിക്കുന്നത് വളരെ ശ്രമകരമായിരുന്നു എന്നും ഇത്രയും തിരക്കിനിടയിൽ മേൽ പറഞ്ഞ ചോദ്യത്തിന്റെ മറുപടിയിൽ കോടതി ഉത്തരവ് പാലിക്കേണ്ട സമയപരിധി ചേർക്കുവാൻ കഴിഞ്ഞില്ലെന്നും ദൈനംദിന ജോലികളിൽ വളരെയധികം തിരക്കുണ്ടയിരുന്നതിനാലാണ് ഈ വീഴ്ച സംഭവിക്കാനിടയായത് എന്നും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 15.4.2019-ലെ ഉത്തരവിൽ അപേക്ഷകനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കാനും അതോടൊപ്പം ടിയാന് തിരുവനന്തപുരത്ത് നിയമനം നൽകണമെന്നുമാണ് നിർദ്ദേശിച്ചിരുന്നതെന്നും, 28.6.2021-ലെ GO(RT)420/2021/TAXES നമ്പർ ഉത്തരവ് പ്രകാരം അപേക്ഷകനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും കൂടാതെ 24.8.2021-ലെ സ.ഉ(സാധാ)573/2021/നി.വ. നമ്പർ ഉത്തരവ് പ്രകാരം ടിയാനെ തിരുവനന്തപുരം ജില്ലാ രജിസ്ട്രാറായി നിയമിക്കുകയും ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത അപേക്ഷയിലെ 9-ാമത്തെ ഇനത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 1.10.2020-ലെ ഇ1/43/2019/ടാക്സ് നമ്പർ

ചാർജ് മെമ്മോ അസാധുവാക്കിയതിനുശേഷവും പ്രസ്തുത ചാർജ് മെമ്മോ പ്രകാരം അന്വേഷണം തുടരാൻ അന്വേഷണ ഉദ്യോഗസ്ഥനെ അനുവദിച്ചിരുന്നു എന്നും ടി ഉത്തരവിന്റെ പകർപ്പ് എസ്.പി.ഐ.ഒ 7.5.2021-ന് നൽകിയ മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടായിരുന്നു എന്നും എന്നാൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ചിട്ടില്ല എന്ന് അപേക്ഷകൻ ഒന്നാം അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചതിനാൽ ടി ഉത്തരവിന്റെ പകർപ്പ് അപ്പീൽ അധികാരി 29.6.2021-ലെ ഇ1/5184/74812/ടാക്സ് നമ്പർ കത്തിനോടൊപ്പം വീണ്ടും നൽകിയിട്ടുള്ളതാണെന്നും 8.4.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് 7.5.2021-ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിരുന്നുവെങ്കിലും അത് 28.5.2021-ന് മാത്രമാണ് ഹർജിക്കാരന് ലഭിച്ചതെന്നാണ് അപ്പീൽ അപേക്ഷയിൽ പറഞ്ഞിട്ടുള്ളതെന്നും കൊവിഡ്-19 മഹാമാരി തടയുന്നതിനായി 8.5.2021 മുതൽ 16.6.2021 വരെ സംസ്ഥാനത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുകയായിരുന്ന കാലയളവിൽ ഓഫീസുകളുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരുന്നുയെന്നും ഇതിനിടയിലും അപേക്ഷകന് പ്രസ്തുത മറുപടി അയച്ചു കൊടുത്തിരുന്നു എന്നത് രേഖകൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണെന്നും അല്ലാതെ ബോധപൂർവ്വമായ യാതൊരു തെറ്റും ടിയാന്റെ ഭാഗത്ത് നിന്നും സംഭവിച്ചിട്ടില്ലെന്നും ഔദ്യോഗികമായ തിരക്കുകൾക്കിടയിൽ സ്വാഭാവികമായുണ്ടായ മന:പൂർവ്വമല്ലാത്ത വീഴ്ച സദയം ക്ഷമിക്കണമെന്നും ടിയാനെതിരെയുള്ള നടപടികൾ അവസാനിപ്പിക്കണമെന്നുമാണ്. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീ. ടി.ടി. സുരേഷ് ബോധിപ്പിച്ചത്.

5. ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും 17.12.2022-ന് നേരിൽ കേൾക്കാൻ തീരുമാനം കൈക്കൊണ്ട് 6.12.2021-ന് ടിയാളുകൾക്ക് കമ്മീഷൻ നോട്ടീസ് നൽകിയിരുന്നെങ്കിലും എതിർകക്ഷികൾ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ എല്ലാം ടിയാന് ലഭ്യമായിട്ടുള്ളതിനാലും, കോവിഡിന്റെ ഈ പ്രത്യേക സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഹിയറിംഗ് ആവശ്യമില്ലെന്ന് വിലയിരുത്തി കമ്മീഷൻ ഹിയറിംഗ് ഒഴിവാക്കിയിട്ടുള്ളതും ടി വിവരം ഫോൺ മുഖേന ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും കമ്മീഷൻ ഓഫീസിൽ നിന്നും സമയബന്ധിതമായി നേരിട്ട് അറിയിച്ചിട്ടുള്ളതുമാണ്.

6. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ, എതിർകക്ഷികൾ ഹാജരാക്കിയ റിപ്പോർട്ട്, പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ഹാജരാക്കിയ വിശദീകരണം എന്നിവ കമ്മീഷൻ വിശദമായി പരിശോധിച്ചു. വിവരാവകാശ അപേക്ഷയിലെ 1, 2, 3, 4, 9 എന്നീ ഇനങ്ങൾക്ക് തെറ്റായതും അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതും, കെട്ടിച്ചമച്ചതുമായ മറുപടി കാലതാമസം വരുത്തി നൽകിയെന്നതാണ് അപ്പീൽ ഹർജിക്കാരന്റെ ആക്ഷേപം എന്ന് കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക, വിവരം നൽകാൻ കഴിയാത്ത കേസുകളിൽ എടുക്കുന്ന തീരുമാനങ്ങൾ കാര്യകാരണ സഹിതം രേഖാമൂലം അപേക്ഷകനെ അറിയിക്കുക എന്നിവയാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. സാങ്കൽപ്പിക ചോദ്യങ്ങൾ, വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല. കമ്മീഷൻ മുമ്പാകെ എതിർകക്ഷികൾ ഹാജരാക്കിയ റിപ്പോർട്ടുകളും, പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ വിശദീകരണവും

പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായതോ, തെറ്റിദ്ധരിപ്പിക്കുന്നതോ ആയ മറുപടി മന:പൂർവ്വമോ ബോധപൂർവ്വമോ എതിർകക്ഷികൾ നൽകിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ ശ്രീ. ടി.ടി. സുരേഷ് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ വിശദീകരണം വസ്തുതാപരവും അംഗീകരിക്കാവുന്നതുമാണെന്ന് കാണുന്നു. എന്നാൽ വിവരാവകാശ അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി സമയബന്ധിതമായി നൽകി എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെത് തന്നെയാണ്. ഇക്കാര്യത്തിൽ 7.5.2021ന് തയ്യാറാക്കിയ മറുപടി 28.5.2021നാണ് അയച്ചു കൊടുത്തിട്ടുള്ളത്. ടി കാലതാമസം കോവിഡ് മൂലമുള്ള ലോക്ക്ഡൗൺ കാരണമാണെന്ന വസ്തുത പരിഗണിച്ച് ടിയാനെതിരെ മറ്റ് ശിക്ഷാനടപടികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്നും വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ.ടി.ടി സുരേഷിന് കമ്മീഷൻ താക്കീത് നൽകുന്നു. നിലവിൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് ഉത്തരവുകൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

7. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 4-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk